## 996

*രീതി: ചേരുമുയിർപ്പിൻ പ്രഭാതേ*

1 ജീവിത പോരാട്ടം തീർന്നു വൻ തിരകൾ ഭേദിച്ചു
ശോഭനമാം സുപ്രഭാതം കാണും ഞാൻ-

2 അക്കരെ ഞാൻ എത്തിടുമ്പോൾ കണ്ടിടും ഞാൻ എന്നുടെ
വീണ്ടെടുപ്പിൻ നാഥനായ യേശുവെ-

3 വന്മുറിവിൻ പാടുകളെ കാൺകയാൽ ഞാനറിയും
വീണ്ടെടുപ്പിൻ കർത്തനാമെൻ യേശുവെ-

4 സ്വാഗതം ചെയ്തിടുമെന്നെ മന്ദഹാസത്തോടെ താൻ
ഞാനെൻ മുത്തമേകിടും തൻ കാൽകളിൽ-

5 തൻ കരങ്ങൾ നീട്ടിയെന്നെ മാറിൽ ചേർത്തണച്ചവൻ
കണ്ണീർ തുടച്ചിടും ക്ലേശം തീർന്നിടും-

6 രക്ഷ കുഞ്ഞാടിനും മഹാ ദൈവത്തിനും എന്നു ഞാൻ
ഉച്ചഘോഷം പൂണ്ടു പാടും മോദമായ്- K.D.W.